**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001

## പത്രക്കുറിപ്പ്

**പി.ജി.ആയൂർവേദ ഡിപ്ലോമ / സ്വാശ്രയ ആയൂർവേദ കോളേജുകളിലെ 15% അഖിലേന്ത്യാ സീറ്റുകളിലേക്കുള്ള പ്രവേശനം 2021 ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു**

2021–22 അദ്ധ്യയന വർഷത്തെ കേരളത്തിലെ വിവിധ സർക്കാർ /എയ്ഡഡ് ആയൂർവേദ കേളേജുകളിലെ ബിരുദാനന്തര ബിരുദ ആയൂർവേദ ഡിപ്ലോമ കോഴ്സുകളിലേക്കും കേരളത്തിലെ വിവിധ സ്വാശ്രയ ആയുർവേദ കോളേജുകളിലെ പി. ജി. ആയുർവേദ കോഴ്സിൽ വിദ്യാർത്ഥികളുടെ ജനനസ്ഥലം പരിഗണിക്കാതെ അലോട്ട്മെന്റിനായി നീക്കി വെച്ചിരിക്കുന്ന 15% പി.ജി. ആയൂർവേദ സീറ്റുകളിലേക്കും (അഖിലേന്ത്യാ ക്വാട്ട) പുതിയതായി ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു.

പി.ജി. ആയൂർവേദ കോഴ്സിന് ഇതിനകം അപേക്ഷ സമർപ്പിച്ച് റാങ്ക് ലിസ്റ്റിലുൾപ്പെട്ട വിദ്യാർത്ഥികൾ പുതിയതായി അപേക്ഷകൾ നൽകേണ്ടതില്ല. ഈ വിദ്യാർഥികൾ മേൽ പറഞ്ഞ സീറ്റുകളിലേക്കും പ്രവേശനത്തിന് പരിഗണിക്കുന്നതിന് അർഹരായിരിക്കും . പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്ന വിദ്യാർത്ഥികളെ പി.ജി.ആയൂർവേദ ഡിപ്ലോമ / സ്വാശ്രയ കോളേജുകളിലെ 15% അഖിലേന്ത്യാ സീറ്റുകളിലേക്കുള്ള പ്രവേശനത്തിലേക്ക് പരിഗണിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് 23.02.2022 ഉച്ചയ്ക്ക്, 2.00 മണി വരെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസുകൾ എന്നിവയ്ക്ക് വെബ്സൈറ്റ് കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.02.19 22:02:31 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**19/02/2022**